LIBRARY ARCHIVES Kerala Legislative Assembly

ശമ്പള കമ്മീഷന്റെ പ്രവർത്തനം

114 (2352) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും കമ്മീഷൻ റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുമെന്നും അറിയിക്കാമോ ;

(ബി) കമ്മീഷൻ കാലാവധി വീണ്ടും ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ശമ്പള പരിഷ്കരണം ഏതു തീയതി മുതൽ ബാധകമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ശമ്പള കമ്മീഷൻ പുറപ്പെടുവിച്ച ചോദ്യാവലിക്ക് എത്ര സംഘടനകളും വ്യക്തികളും മറുപടി നൽകിയിട്ടുണ്ടെന്നും മറുപടികളുടെ പരിശോധനകൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ഇ) സർവ്വീസ് സംഘടനാ പ്രതിനിധികളുമായുള്ള ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച ഉദ്യോഗസ്ഥരെല്ലാം പ്രസ്തുത ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ മദ്ധ്യഘട്ടത്തിലാണ്. 2014 ഡിസംബർ 2 മുതൽ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു. ആയതിനാൽ കാലാവധിക്കുള്ളിൽ നിന്നുതന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 29-11-2014-ലെ സ.ഉ. (കൈ) നമ്പർ 521/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ കാലാവധി 30-6-2015 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണ തീയതി എന്നുമുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഡി) ചോദ്യാവലിക്കുള്ള മറുപടിയായും നിവേദനങ്ങളായും നാളിതുവരെ കമ്മീഷന് 2138 മറുപടികൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന ത്വരിത വേഗത്തിൽ നടന്നുവരുന്നു.

(ഇ) 2014 ഡിസംബർ 2 മുതൽ. സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു.

(എഫ്) ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച 28 പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

കാലടി സാമൂഹികാരോഗ്യാശുപത്രിയിൽ എക്സ്റേ മെഷീൻ

115 (2353) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാലടി സാമൂഹികാരോഗ്യാശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തിവികസനപദ്ധതിയിൽനിന്നും കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 25 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടും ഇതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിലെ കാലതാമസത്തിനു കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്കു ലഭ്യമാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച ബിൽ 2014 ഫെബ്രുവരി മാസം സമർപ്പിച്ചതായാണ് കാണുന്നത്. 2013 ഡിസംബർ 31 വരെയുള്ള ബില്ലുകൾക്കാണ് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുള്ളത്.

(ബി) 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾക്കുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുമ്പോൾ കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച പ്രവൃത്തിയുടെ ബില്ലിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly